## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1436 | | 06.03.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പൊതുശൗചാലയങ്ങളുടെ അഭാവം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീമതി.ഷാനിമോൾ ഉസ്മാൻ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | പൊതുശൗചാലയങ്ങളുടെ അഭാവം മൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) | പൊതുശൗചാലയങ്ങളുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേരളത്തിൽ അങ്ങോളമിങ്ങോളം ദേശീയ സംസ്ഥാന പാതയോരങ്ങളിൽ 12000 ജോഡി പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 20.02.2020-ലെ സ.ഉ.(കൈ)നം.39/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, സഹകരിക്കാൻ തയ്യാറുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് പൊതു ശൗചാലയങ്ങൾ നിർമ്മിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിനിയോഗം ചെയ്തുകൊണ്ട് പൊതു ശൗചാലയങ്ങൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന വൃത്തിയുള്ള ശൗചാലയങ്ങളും സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യ സാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണ ശാലകളും തുടങ്ങുവാനുമാണ് ലക്ഷ്യമിടുന്നത്. പൊതു ശൗചാലയങ്ങളുടെ നിർമ്മാണ ചെലവ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. നിർമ്മാണങ്ങളുടെ മേൽനോട്ടവും സമയബന്ധിത പൂർത്തീകരണവും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കും. പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. ദേശീയ പാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്നു സെന്റ് സർക്കാർ ഭൂമി പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.<br>2. വില്ലേജ് ഓഫീസർ ഭൂമിയുടെ ഉടമസ്ഥത കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നടപടി അതത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും വില്ലേജ് ഓഫീസറും സംയുക്തമായി |
| (ബി) | ഇതിനായുള്ള ഭൂമി എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഭൂമി അടയാളപ്പെടുത്തുകയും ഇക്കാര്യം ജില്ലാതലത്തിലുള്ള പ്രസ്തുത വകുപ്പ് മേധാവിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്.<br>4. തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള നിർദേശം ജില്ലാതല വകുപ്പ് മേധാവിക്ക് സ്വീകാര്യമല്ലെങ്കിൽ ആയത് ജില്ലാ കളക്ടറുടെ തീരുമാനത്തിന് വിടേണ്ടതാണ്.<br>5. ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും |
| (സി) | സംസ്ഥാനത്ത് നിലവിലുള്ള പൊതുശൗചിമുറികൾ വേണ്ട വിധത്തിൽ ശുചീകരിക്കാത്തതിനാലും കാലാകാലം ആവശ്യമായ നവീകരണം നടത്താത്തതിനാലും അവ അതിവേഗം ഉപയോഗശൂന്യമാകുന്ന എന്ന വസ്തുത പരിഗണിച്ച് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി പ്രകാരം നിർമ്മിക്കുന്നവ ശരിയായ രീതിയിൽ പരിപാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുവരുത്തുമോ; വിശദമാക്കുമോ? | (സി) | പൊതുശൗചിമുറികളുടെ നിർമ്മാണചെലവും മേൽനോട്ടവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. പ്രസ്തുത ശൗചിമുറികൾ ശരിയായ രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ പോലെയുള്ള ഏജൻസികൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ